(സി & ഡി) കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റോസ് ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് കേരളത്തിലെ ആത്മഹത്യാനിരക്കിനെയും, അതിനെ നേരിടാൻ ഇന്ന് നിലവിലുള്ള സംവിധാനത്തെയും വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയെ ചെറുക്കുന്നതിനായുള്ള ഒരു കരട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണത്തുകോണത്തു വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം

82 (3272) ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ, കുടവൂർ, കണ്ണയത്തുകോണത്ത് വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം സംബന്ധിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഏറ്റെടുത്തത് ;

(ബി) ഈ കേസ് അന്വേഷണത്തിന് പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്, 28-1-2000-ൽ

(ബി) ഭാർഗ്ഗവി അമ്മയുടെ കൊലപാതകം സംബന്ധിച്ച് കിളിമാനൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 44/99, 28-1-2000-ൽ ക്രൈം ബ്രാഞ്ച് 48/സി ആർ. 2000/നമ്പരായി റീനമ്പർ ചെയ്ത ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

ബ്യൂഗ്ലർ ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ

83 (3273) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ആംഡ് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും ബ്യൂഗ്ലർ/ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ സാദ്ധ്യതയില്ലാത്തതിനാൽ ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് സർവ്വീസ് ദൈർഘ്യം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ ഗ്രേഡിനും സർവ്വീസ് എത്രയെന്നും നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഈ വ്യവസ്ഥയനുസരിച്ച് ബറ്റാലിയനിലും ആംഡ് റിസർവ്വിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര പേർക്ക് രണ്ടാമത്തെ ഗ്രേഡ് നൽകിയിട്ടുണ്ട് ; ഇത് ഏത് സ്കെയിലിലാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ ബാക്കിയുള്ള ഈ വിഭാഗത്തിൽ വരുന്നവർക്ക് രണ്ടാമത്തെ ഗ്രേഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) ബാന്റ് വിഭാഗത്തിലുള്ള പോലീസുകാർക്ക് 7 വർഷം തികയുമ്പോൾ 4000-6090 സ്കെയിലിൽ ഒന്നാമത്തെ ഗ്രേഡും 15 വർഷം സർവ്വീസ് തികയുമ്പോൾ ടെസ്റ്റ് ക്വാളിഫൈ ചെയ്തവർക്ക് 5000-8150 സ്കെയിലിലും ടെസ്റ്റ് ക്വോളിഫൈ ചെയ്യാത്തവർക്ക് 4500-7000 സ്കെയിലിലും രണ്ടാമത്തെ ഗ്രേഡും, 23 വർഷം സർവ്വീസ് തികയുമ്പോൾ ടെസ്റ്റ് ക്വാളിഫൈ ചെയ്യാത്തവർക്ക് 4600-7125 എന്ന സ്കെയിൽ മൂന്നാമത്തെ ഗ്രേഡും ലഭിക്കാൻ അർഹതയുണ്ട്. ടെസ്റ്റ് ക്വാളിഫൈ ചെയ്തവർക്ക് മൂന്നാമത്തെ ഗ്രേഡിന്റെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതാണ്. ബ്യൂഗ്ലർ വിഭാഗത്തിലുള്ള പോലീസുകാർക്ക് 7 വർഷം സർവ്വീസ് തികയുമ്പോൾ 4000-6090 സ്കെയിലിൽ ഒന്നാമത്തെ ഗ്രേഡും, 15 വർഷം സർവ്വീസ് തികയുമ്പോൾ 4600-7125 സ്കെയിലിൽ രണ്ടാമത്തെ ഗ്രേഡും 23 വർഷം തികയുമ്പോൾ 4600-8000 എന്ന സ്കെയിലിൽ മൂന്നാമത്തെ ഗ്രേഡും നൽകുന്നു.

(സി) ആംഡ് ബറ്റാലിയനിലും, ആംഡ് റിസർവിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ ബാന്റ് വിഭാഗത്തിലെയും ബ്യൂഗ്ലർ വിഭാഗത്തിലെയും ഗ്രേഡിന് അർഹമായ എല്ലാപേർക്കും രണ്ടാമത്തെ ഗ്രേഡ് നൽകിയിട്ടുണ്ട്. 'ജി' പിരിവിനുള്ള മറുപടിയിൽ രണ്ടാമത്തെ ഗ്രേഡിനുള്ള സ്കെയിലുകൾ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ എല്ലാവർക്കും രണ്ടാമത്തെ ഗ്രേഡ് നൽകി വരുന്നുണ്ട്.

നർക്കോട്ടിക് സെൽ രൂപീകരണം

84 (3274) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ഡിറ്റാച്ചുമെന്റ്, നർക്കോട്ടിക് സെൽ, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിസ്ട്രിക്ട് ക്രൈം റെക്കോർഡ്സ് ബ്യൂറോ എന്നീ യൂണിറ്റുകൾ രൂപീകരിച്ചത് ഗവൺമെന്റ് ഉത്തരവ് പ്രകാരമാണോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ യൂണിറ്റുകൾ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഉൾപ്പെട്ടതാണോ ;

(സി) ഈ യൂണിറ്റുകൾ ഓരോന്നിന്റെയും അനുവദിച്ചിട്ടുള്ള അംഗസംഖ്യ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly